(സി) ഇപ്പോൾ കയർഫെഡ് കയർ സംഘങ്ങളിൽനിന്നും വാങ്ങുന്ന കയറിന്റെ വില എത്ര കാലത്തിനുള്ളിൽ കൊടുത്തുതീർക്കാൻ കഴിയുന്നുണ്ട്;

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് കയർ സംഘങ്ങളിൽനിന്നും വാങ്ങുന്ന കയറിന്റെ വില കൊടുക്കുവാൻ എന്തു കാലതാമസം വരുമായിരുന്നു?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കയർ സഹകരണ സംഘങ്ങളിൽനിന്നും കയർ വാങ്ങിയ വകയിൽ കയർഫെഡ് 10 ലക്ഷം രൂപ കൊടുത്തുതീർക്കുവാനുണ്ടായിരുന്നു.

(ബി) ഈ തുക മുഴുവൻ കൊടുത്തുതീർത്തിട്ടുണ്ട്.

(സി) ഇപ്പോൾ കയർഫെഡ് ഡിസ്ട്രസ് പർച്ചേസ് പദ്ധതിയിൽ കയർ സംഘങ്ങളിൽനിന്നും വാങ്ങുന്ന കയറിന്റെ വില 48 മണിക്കൂറിനകം കൊടുത്തു തീർക്കുന്നുണ്ട്.

(ഡി) മുൻ ഗവൺമെന്റിന്റെ കാലത്ത് കയർ സംഘങ്ങളിൽനിന്നും വാങ്ങുന്ന കയറിന്റെ വില കൊടുക്കുവാൻ ഉദ്ദേശം ഒരാഴ്ചത്തെ കാലതാമസം വരുമായിരുന്നു.

വനസംരക്ഷണ സമിതികൾ

98 [431] ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര വനസംരക്ഷണ സമിതികൾ ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ടോ;

(സി) കണ്ണൂർ ജില്ലയിൽ ഏതെല്ലാം ഫോറസ്റ്റ് റേഞ്ചിന്റെ കീഴിലാണ് വനസംരക്ഷണ സമിതികൾ ഉള്ളതെന്ന് റേഞ്ച് തിരിച്ച് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2004 മാർച്ച് മാസം വരെ 213 വനസംരക്ഷണ സമിതികൾ പ്രവർത്തനക്ഷമമായിട്ടുണ്ട്.

(ബി) ആലപ്പുഴ ഒഴികെയുള്ള എല്ലാ ജില്ലകളിലും വനസംരക്ഷണ സമിതികൾ പ്രവർത്തിക്കുന്നുണ്ട്.

(സി) കണ്ണൂർ ജില്ലയിൽ തളിപ്പറമ്പ്, കൊട്ടിയൂർ, കണ്ണവം എന്നീ മൂന്നു റേഞ്ചുകളുടെ കീഴിലാണ് വനസംരക്ഷണ സമിതികൾ ഉള്ളത്.

LIBRARY ARCHIVES Kerala Legislative Assembly